**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6107** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി വിപുലമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി വഴി ആരംഭിക്കുന്ന എം.എസ്.എം.ഇ.കളെ സംരക്ഷിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏതൊക്കെ രീതിയിൽ സഹായിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയെ സഹായിക്കാൻ പൊതു മേഖലാ സ്ഥാപനങ്ങൾക്ക് സാധിക്കും. പൊതുമേഖല സ്ഥാപനങ്ങളുടെ വാങ്ങലിൽ (പ്രൊക്യുവർമെന്റ് ) സൂക്ഷ്മ ചെറുകിട ഇടത്തരം സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ / സേവനങ്ങൾ ഉൾപ്പെടുത്തുന്നത് അവർക്ക് സ്ഥിരമായ ഒരു വിപണി ഉറപ്പ് വരുത്തുന്നതാണ്. ഇത് കൂടാതെ പൊതുമേഖല സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമായ സാങ്കേതിക വിദ്യ സൂക്ഷ്മ ചെറുകിട ഇടത്തരം സ്ഥാപനങ്ങൾക്ക് പകർന്ന് നൽകുന്നത് അവരുടെ പ്രവർത്തനക്ഷമതയും ലാഭവും വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. ഇതിന് പുറമേ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വേണ്ട ഇങ്കുബേഷൻ സൗകര്യങ്ങളും പൊതുമേഖല സ്ഥാപനങ്ങൾക്ക് ഒരുക്കാൻ സാധിക്കും. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ? | (ബി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പടെ വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരേതര ഏജൻസികൾ എന്നിവയെ ഉൾപ്പെടുത്തി വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. ഇതിനായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലും ഇന്റേണുകളെ നിയമിക്കുകയും തിങ്കൾ ബുധൻ ദിവസങ്ങളിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഹെൽപ് ഡെസ്കുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി നടന്ന പൊതുബോധവത്കരണ പരിപാടികളിലും ലോൺ/ ലൈസൻസ് മേളകളിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സഹകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷൻ ചെയർമാൻ ആയുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ പങ്കാളിത്തത്തോടെ ഈ പദ്ധതി വിപുലമാക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ